**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - സാന്ത്വനം സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി - ധനസഹായത്തിനുള്ള തുക ആർ.സി.സി. ഡയറക്ടറുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **988**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30.03.2012.

പരാമർശം:- 1) തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 23.02.2012-ലെ ജെ3/156927/11-12 നമ്പർ കത്ത്.

2) 28.03.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.17 നമ്പർ തീരുമാനം.

**ഉത്തരവ്**

പരാമർശം ഒന്നിലെ കത്തും പരാമർശം രണ്ടിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും പരിഗണിച്ച്, തിരുവനന്തപുരം നഗരസഭയുടെ 2011-12 ജനകീയാസൂത്രണ പദ്ധതിയിലെ പ്രൊജക്ടായ 113/12 ക്യാൻസർ നിയന്ത്രണ പദ്ധതി നടപ്പാക്കുന്നതിന് **10,00,000/- രൂപയും (പത്ത് ലക്ഷം രൂപ മാത്രം)** പ്രൊജക്ട് നം. 181/12 സ്ത്രീകൾക്കായി സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി' നടപ്പാക്കുന്നതിന് **52,50,000/ (അൻപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** രൂപയും; സാന്ത്വനം സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതിയിൽ ഉള്ള ക്യാൻസർ നിയന്ത്രണ പദ്ധതിക്കും സ്ത്രീകൾക്കായുള്ള ക്യാൻസർ നിയന്ത്രണ പദ്ധതിക്കും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ ഡയറക്ടറുടെ പേരിൽ നിക്ഷേപിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ